## പതിനൊന്നാം കേരള നിയമസഭ
### നാലാം സമ്മേളനം
2002 ജൂലായ് 8-ാം തീയതി താങ്കളാഴ്ച
(ആകെ ചോദ്യങ്ങൾ - 26)

(351) **റവന്യൂ വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനുള്ള സംവിധാനങ്ങൾ**
(352) **സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഓബ്ലിഗേററി ഫംഗ്ഷൻ**
(353) **അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ**
(354) **കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിക്കാനുള്ള മാനദണ്ഡം**
(355) **എക്സ്പ്രസ്സ് ഹൈവേ**
(356) **ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തതുമൂലം തടസ്സപ്പെടുന്ന നിർമ്മാണ പദ്ധതികൾ**
(357) **റവന്യൂ പിരിവിനുള്ള ജനകീയ കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിന് നടപടി**
(358) **ഗവൺമെന്റ് സ്കൂളുകൾ പൂട്ടിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി**
(359) **സമവായം 2001, സമാഗമം 2001 പരിപാടികൾ**
(360) **അൺഎയിഡഡ് പ്ലസ്ടു ബാച്ചുകൾ തുടങ്ങുന്നതിന് നടപടി**
(361) **സംസ്ഥാനത്ത് പുറത്തുള്ള റവന്യൂ ഭൂമി**
(362) **ജില്ലാ ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം ജനോപകാരപ്രദമക്കാൻ നടപടി**
(363) **റോഡുകളുടെ അറ്റകുററപ്പണികൾ നടത്തുന്നതിനായി കർമ്മസേന രൂപീകരിക്കാൻ നടപടി**
(364) **മണൽവാരൽമൂലം അപകടത്തിലായ പാലങ്ങളുടെ പനർനിർമ്മാണത്തിനും സംരക്ഷണത്തിനും നടപടി**
(365) **എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള തീരുമാനം**
(366) **മലയാള സിനിമാരംഗത്തെ സാമ്പത്തിക പ്രതിസന്ധി**
(367) **കാസർഗോഡ്-തിരുവനന്തപുരം എക്സ്പ്രസ് ഹൈവേ**
(368) **ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**
(369) **താലൂക്കുകളും വില്ലേജുകളും ശാസ്ത്രീയമായി പുനർവിഭജിക്കാൻ നടപടി**
(370) **വികസനത്തിൽ പ്രവാസി പങ്കാളിത്തം ഉണ്ടാക്കുന്നതിന് നടപടി**
(371) **റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിന് മെയിന്റനൻസ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ നടപടി**
(372) **സുഗമമായ ഗതാഗതത്തിന് പറ്റിയവിധം റോഡുകൾ സൂക്ഷിക്കാൻ നടപടി**
(373) **ഹൈവേ വികസനത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ**
(374) **കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ**
(375) **കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള റോഡുവികസന പദ്ധതികൾ**
(376) **റോഡുകളും പാലങ്ങളും പുനഃസ്ഥാപിക്കുന്നതിന് ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി**

### റവന്യൂ വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനുള്ള സംവിധാനങ്ങൾ

351. ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടായിരുന്നു;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ കാലയളവിൽ എത്ര പരാതികൾ ലഭിച്ചു;

(ഡി) എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചു;

(ഇ) എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു;

(എഫ്) ജില്ലാ-താലൂക്ക് തലങ്ങളിൽ റവന്യു വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) റവന്യു വകുപ്പിനെതിരെ ഉന്നയിക്കപ്പെടുന്ന അഴിമതി/ക്രമക്കേടുകൽ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനു വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്. അതിൽ ഏറ്റവും പ്രധാനമായത് മാസംതോറും ജില്ല കളക്ടറേറ്റുകളിൽ ചെരുന്ന അഴിമതിവിരുദ്ധ ജനകീയ സമിതിയുടെ പ്രവർത്തന പരിപാടിയാണ്. ജില്ലാ ക്ളക്ടറേറ്റുകളിൽ ഇതിനായി പരാതിപ്പെട്ടികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആക്ഷേപമുള്ളവർക്ക് തങ്ങളുടെ പരാതികൾ പ്രസ്തുത പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്. മാസംതോറും ആദ്യ പ്രവർത്തി ദിവസം ജനകീയ കമ്മിറ്റിയുടെ യോഗത്തിൽ വച്ച് പ്രസ്തുത പെട്ടികൾ തുറക്കുന്നതും നിക്ഷേപിക്കപ്പെട്ട പരാതികൾ ഓരോന്നായി പരിശോധിക്കുകയും വ്യക്തമായ അഴിമതി കാണപ്പെടുന്ന പരാതികളിൽ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ജില്ലാ കളക്ടറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുയോജ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഉപരി തലത്തിൽ തീരുമാനമെടുക്കേണ്ട കേസ്സുകളിൽ യുക്തമായ ശുപാർശയോടുകൂടി ജില്ലാ കളക്ടർ സർക്കാരിലേക്ക് അയയ്ക്കും. അന്നുതന്നെ തീരുമാനമെടുക്കുവാൻ കഴിയാത്തതും കൂടുതൽ തെളിവുകൾ ആവശ്യമായ കേസ്സുകളിൽ അന്വേഷണം നടത്തുന്നതിന് ജനകീയ കമ്മിറ്റി യുക്തമായ നടപടികൾ സ്വീകരിക്കുന്നതും അന്വേഷണ റിപ്പോർട്ട് പിന്നീടു ചേരുന്ന ജനകീയ സമിതിയിൽ സമർപ്പിക്കുന്നതും, പ്രസ്തുത സമിതിയുടെ പരിശോധനയ്ക്കുശേഷം മുകളിൽ പ്രസ്താവിച്ച രീതിയിൽ യുക്തമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതുമാണ്.

ഇതിനുംപുറമേ, പൊതുവായ പരാതികളിൽ ജില്ലാ കള്ക്ടർ റവന്യു ഡിവിഷണൽ ഓഫീസർ, ഫൈനാൻസ് ഓഫീസർ, ഡപ്യൂട്ടി കളക്ടർ (വിജിലൻസ് നോർത്ത് & സൗത്ത് സോൺ) എന്നിവരും അവരവരുടെ അധികാരപരിധിയിൽ വരുന്ന പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി തീർപ്പുകൽപിക്കുന്നുണ്ട്.

(ബി) 1991-96-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തൽ റവന്യു വകുപ്പു നടപ്പിലാക്കിയ അഴിമതി വിരുദ്ധ ജനകീയ സമിതിയുടെ പ്രവർത്തനങ്ങൾ അതേ രീതിയിൽ ഈ സർക്കാരിന്റെ കാലത്തും തുടർന്നുവരുന്നു.

(സി) പൊതുപരാതികളായി ഉദ്യോഗസ്ഥരുടെ പക്കൽ ഈ കാലയളവിൽ 958 പരാതികൾ ലഭിച്ചു.

(ഡി) 430 കേസ്സുകളിൽ തീർപ്പുകൽപിച്ചു.

(ഇ) തുടർനടപടികൾ വിവിധഘട്ടങ്ങളിലും വിവിധ തലങ്ങളിലുമായി തുടർന്നു വരുന്നു.

(എഫ്) ഓരോ താലൂക്കിന്റെയും പ്രവർത്തനം നിരിക്ഷീക്കുന്നതിനും ഊർജിതപ്പെടുത്തുന്നതിനും ഒരു ഡെപ്യൂട്ടി കളക്ടറെ ചാർജ്ജ് ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. എല്ലാ മാസവും താലൂക്കുതലത്തിലും ഓരോ വിഷയത്തിനും പ്രത്യേകം പ്രത്യേകം കോൺഫറൻസുകൾ നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു.

**<u>സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഓബ്ലിഗേററി ഫംഗ്ഷൻ</u>**

352. ശ്രീ. ബി. വിജയകുമാർ :

ശ്രീ. വി. ബാലറാം :

ശ്രീ. വി. ഡി. സതീശൻ :

ശ്രീമതി മേഴ്സി രവി:

ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഓബ്ലിഗേററി ഫംഗ്ഷൻ എന്തെല്ലാമാണ്;

(ബി) ഇവ നിറവേറ്റുന്നതിന് മുൻഗവൺമെന്റിന്റെ കാലത്ത് ബുദ്ധിമുട്ടുകൾ നേരിട്ടുവോ;

(സി) എങ്കിൽ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നേരിട്ടത്;

(ഡി) ഈ ബുദ്ധിമുട്ടുകൾ ഉണ്ടാകാനുള്ള കാരണമെന്ത്;

(ഇ) ഈ ഗവൺമെന്റ് പ്രസ്തുത ബുദ്ധിമുട്ടുകളെ എപ്രകാരം തരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇപ്പോൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ പരിഷ്ക്കരണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും സംഘടിതവും ആസൂത്രിതവുമായ നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1971 ലെ 19-ാം ആക്ട് പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ വന്നത്. ഈ ആക്ട് വിഭാവനം ചെയ്തിട്ടുള്ള ഭവന നിർമ്മാണ-ഭവന വായ്പാ പദ്ധതികളും ഇതര പൊതുപരിഷ്ക്കരണ പദ്ധതികളും നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യതപ്പെട്ടിരിയ്ക്കുന്നു.

(ബി) (സി) ആന്റ് (ഡി)

ബോർഡിനെ സാംപത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ച കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹഡ്കോയിൽ നിന്നും മൈത്രി ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് മാത്രമായി 712 കോടി രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ബോർഡ് വായ്പ എടുക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് 3.75 ലക്ഷം വീടുകളാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. 3.75 ലക്ഷം വീടുകളാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. എന്നാൽ 2.3 ലക്ഷം വീടുകൾക്ക് മാത്രമേ വായ്പ അനുവദിച്ചിട്ടുള്ളു. അതിന് 437 കോടി രൂപ മാത്രമേ ചെലവാക്കിയുള്ളു. ബാക്കി 275 കോടി രൂപ വകമാറ്റി ചെലവഴിച്ചു.
2. മൈത്രി ഭവന നിർമ്മാണ (നിക്ഷേപ) പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താക്കളുടെ തിരിച്ചടവിനായി ലഭിച്ച 217 കോടി രൂപ ബാങ്കിൽ നിക്ഷേപിയ്ക്കാതെ വകമാറ്റി ചെലവഴിച്ചു. അങ്ങനെ ആകെ 492 കോടി രൂപ വകമാറ്റി ചെലവഴിച്ചതാണ് പ്രതിസന്ധിയ്ക്കുള്ള പ്രധാന കാരണം.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡിൽ കർത്തവ്യങ്ങൾ നിർവ്വഹിയ്ക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ തിരിച്ചറിയുകയും അവ പരിഹരിക്കുന്നതിന് ജീവനക്കാരുടെ കൂടി സഹകരണത്തോടെ അനവധി നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു. സുപ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

1. മൈത്രി ഭവന പദ്ധതിയിലും മറ്റ് വായ്പാ പദ്ധതികളിലുമായി ഇനി പൂർത്തികരിയ്ക്കാനുള്ള 40774 വീടുകൾക്ക് വായ്പാ നൽകുന്നതിന് 55 കോടി രൂപ സീറോ കപ്പൺ ബോണ്ട് മുഖേന സമാഹരിയ്ക്കുന്നതിനും ഇപ്പോൾ നിർമ്മാണത്തിലിരിയ്ക്കുന്ന വീടുകളുടെ പണി ഒരു വർഷത്തിനകം പൂർത്തികരിയക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. മൈത്രീ ഭവന പദ്ധതിയ്ക്കായി 20002-2003 വർഷത്തെ ബജറ്റിൽ 60 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.
2. ഹഡ്കോയുമായി നിലവിലുള്ള തിരിച്ചടവ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ഡിഫാൾട്ട് സെല്യൂഷൻ പാക്കേജ് അംഗീകരിയ്ക്കുകയും 63.15 കോടി രൂപ തിരിച്ചടവ് നടത്തുകയും ചെയ്തു. കൂടാതെ ഹഡ്കോയിൽ നിലവിലുള്ള വായ്പ സെപ്റ്റംബർ 2002 മുതൽ തിരിച്ചടയ്ക്കുവാൻ തക്കവണ്ണം റിഷെഡ്യൂൾ ചെയ്തിട്ടുണ്ട്
3. ഹഡ്കോയിൽ നിന്ന് ഉയർന്ന പലിശയ്ക്ക് എടുത്തിരുന്ന 303 കോടി രൂപ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരന്നു. ഇതു പ്രകാരം എക്സ്പ്പോസർ ലിമിറ്റിൽ കുറവ് വരുത്തുന്നതിനാൽ 300 കോടി രൂപ പുതിയ ഭവന പദ്ധതികൾക്ക് സമാഹരിയ്ക്കുവാൻ സാധിയ്ക്കും. ഇതുവഴി ഏകദേശം 58 കോടി രൂപയുടെ പലിശ ചെലവ് ലാഭിയ്ക്കുന്നതിനും കഴിയുന്നതാണ്.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിൽ ഭവന നിർമ്മാണ ബോർഡ് എടുത്ത വായ്പകൾ ബാങ്കുകളുടെ ധനസഹായത്തോടെ തിരിച്ചടവ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിൽ പ്രകാരം എച്ച്. ഡി.എഫ്.സി. യിൽ നിന്ന് ഉയർന്ന പലിശ നിരക്കിൽ ബോർഡു വാങ്ങിയ വായ്പ (15% മുതൽ 17%) തുക ഇപ്പോൾ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും 13% നിരക്കിൽ 8.65 കോടി രൂപ വാങ്ങി ക്ളോസ് ചെയതു. അതുമൂലം 3 കോടി രൂപ ബോർഡിന് ലാഭമുണ്ടായി.
5. ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ അത്യാവശ്യമായ വികസന ജോലികൾ ചെയ്തതിനു ശേഷം വീടു വയ്ക്കുന്നതിനുള്ള ചെറിയ പ്ളോട്ടുകളായി തിരിച്ച് ആവശ്യക്കാർക്ക് നൽകുന്നതിന് പദ്ധതികൾ

ആവിഷ്ക്കരിച്ചു. ഇതു പ്രകാരം ഇപ്പോൾ വിവിധ പദ്ധതികളിലായി 210 പ്ളോട്ടുകൾ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. ഒരാൾക്ക് ഒന്നിൽ കൂടുതൽ വീടുകൾ ഭവന നിർമ്മാണ ബോർഡിൽ നിന്നും വാങ്ങുവാൻ തക്കവണ്ണം അലോട്ടുമെന്റ് റഗുലേഷനിൽ ആവശ്യമായ ഭേദഗതി വരുത്തി.
7. ബോർഡിന്റെ ഗുണഭോക്താക്കളിൽ നിന്നുള്ള മോശമായ തിരിച്ചടവ് നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചു. അതനുസരിച്ച് റെക്കവറിയിൽ 46% വർദ്ധനവ് ഉണ്ടായി. ഈ കാലയളവിൽ 91.61 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചു.
8. എറണാകുളത്തെ എക്കോ ടൗൺഷിപ്പ്, തിരുവനന്തപുരത്ത് ആക്കുളം ടൗൺഷിപ്പ്, കളമശ്ശേരിയിലെ ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി വിദേശ നിക്ഷേപം ലഭിയ്ക്കുന്നതിന് നിർദ്ധിഷ്ട ഗ്ളോബർ ഇൻവെസ്റ്റേഴ്സ് മീറ്റിന് പ്രൊപ്പോസൽ നൽകി.
9. ഹൗസിംഗ് ബോർഡ് കോട്ടയത്ത് ഗാന്ധിനഗറിലും തൊടുപുഴയിൽ മുട്ടത്തും പൂർത്തിയാക്കിയ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ പ്രവർത്തനം ജൂലൈ മാസം ആരംഭിയ്ക്കുന്നതാണ്.

(എഫ്) ഉണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുംപോൾ ഭവന നിമ്മാണ ബോർഡ് കടുത്ത സാംപത്തിക പ്രതിസന്ധിയെ അഭിമുഖീകരിയ്കുകയായരുന്നു. കടബാദ്ധ്യതയും വകമാറ്റി നടത്തി ചെലവുകളുമാണ്. ഇതിന് പ്രധാനമായ കാരണങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹഡ്കോയുമായി ചർച്ച നടത്തി വായ്പാ തിരിച്ചടവിന് മോറട്ടോറിയം ലഭ്യമാക്കുകയും വായ്പാ തിരിച്ചടവ് പുനഃക്രമീകരിയ്ക്കുകയും ചെയ്തു. ഇത് താൽക്കലികമാണെങ്കിലും ഒരു പരിധിവരെ ഭവന നിർമ്മാണ ബോർഡിന്റെ സാംപത്തിക പ്രതിസന്ധിയ്ക്ക് അയവു വരുത്തിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ ഹയർ പർച്ചേയ്സ്/വായ്പാ റിക്കവറിയിൽ സ്ഥായിയായ വർദ്ധനവ് ഉണ്ടാകുന്നതിന് കഴിഞ്ഞു. ബോർഡിന്റെ ഭരണ ചെലവുകളും മറ്റും കർശനമായി നിയന്ത്രിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഹഡ്കോയുമായി ചർച്ചകൾ നടത്തി വായ്പാ നൽകുന്നത് പുനഃരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കോണ്ടിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് കംപ്യൂട്ടറൈസേഷൻ വിപുലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ നടപ്പിലാക്കി വരികയാണ്.

## അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ

353. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് അധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിയന്ത്രിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ)ആന്റ് (ബി) കേരള വിദ്യാഭ്യാസ നിയമത്തിലെ 9–ാം അദ്ധ്യായം ചട്ടം –13 ലെ കുറിപ്പിൽ പ്രകാരം സ്ക്കൂൾ അദ്ധ്യാപകർക്ക് ദിവസവും നാല് വിദ്യാർത്ഥിക്കുവരെ രണ്ട് മണിക്കൂറിൽ കവിയാത്ത സമയം സ്വകാര്യ ട്യൂഷൻ എടുക്കാൻ വ്യവസ്തയുണ്ട്. ആയതിന് ടി അദ്ധ്യപകർക്ക് ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേലാധികാരിയുടെ അനുമതി വാങ്ങിയിരിക്കണം.

സർക്കാർ അംഗീകരിച്ച് യു.ജി.സി. പദ്ധതിയുടെ ഭാഗമായ ''പ്രൊഫഷണൽ കോസ് ഓഫ് എത്തിക്സ്'' –ൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ സംബന്ധിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിക്കാനുള്ള മാനദണ്ഡം

354. ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളെ സെന്റർ ഓഫ് എക്സലെൻസ് ആയി പ്രഖ്യാപിക്കുന്നത് ആരാണ്; അതിനള്ള മാനദണ്ഡം എന്താണ്;

(ബി) സംസ്ഥാനത്ത് എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകളേയും പ്രൊഫഷണൽ കോളേജുകളേയും സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്;

(സി) സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിക്കപ്പെടുന്ന കോളേജുകൾക്ക് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പ്രോൽസാഹനമാണ് നൽകുന്നത്?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) 2500 ൽപ്പരം വിദ്യാർത്ഥികളും 10–ൽപ്പരം ബിരുദാനന്തര ബിരുദ ക്ളാസ്സുകളും ഉള്ള കോളേജുകളെ മികവിന്റെയും പാരംപര്യത്തിന്റെ യും അടിസ്ഥാനത്തിൽ സർക്കാർ ആണ് സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിക്കുന്നത്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏഴ് ആർട്സ് ആന്റ് സയൻസ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.

1. ബ്രണ്ണൽ കോളേജ്, തലശ്ശേരി.
2. സംസ്കൃത കോളേജ്, പട്ടാംപി
3. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
4. മഹാരാജാസ് കോളേജ്, എറണാകുളം
5. വിക്ടോറിയ കോളേജ്, പാലക്കാട്
6. സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം
7. ഗവൺമെന്റ് കോളേജ്, ചിറ്റൂർ

(സി) യു.ജി. സി. ധനസഹായവും കോളേജ് ഡവലപ്പ്മെന്റ് കൗൺസിൽ വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റും, കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യവും നൽകാൻ വ്യവസ്ഥയുണ്ട്.

## എക്സ്പ്രസ്സ് ഹൈവേ

355. ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) സർവേ പൂർത്തിയായെങ്കിൽ ഏതെല്ലാം ജില്ലകളിലൂടെയാണ് ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഹൈവേയുടെ റൂട്ട് തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി):-**

(എ) കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ്സ് ഹൈവേയെ സംബന്ധിച്ച സാദ്ധ്യതാ പഠനം നടന്നുവരുകയാണ്.

(ബി) സാദ്ധ്യതാ പഠനം പൂർത്തിയായിട്ടില്ല.

(സി) നീളം, കയറ്റം, ഇറക്കം, വളവ് എന്നിവ ഏറ്റവും കുറഞ്ഞതും ഏറ്റവും കുറഞ്ഞ നീളത്തിൽ പാലങ്ങൾ ആവശ്യമായതും കഴിയുന്നത്ര ജനവാസം കുറഞ്ഞ സ്ഥലങ്ങളിലൂടെ പോകുന്നതും ഏറ്റവും കുറഞ്ഞ ചെലവിൽ നിർമ്മാണം സാധിക്കുന്നതും പരിസ്ഥിതി പരമായ ഏറ്റവും അനുയോജ്യവുമായ ഒരു അലൈൻമമെന്റ് കണ്ടുപിടിക്കുന്നതിനാണ് ശ്രമിക്കുന്നത്.

## ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തതുമൂലം തടസ്സപ്പെടുന്ന നിർമ്മാണ പദ്ധതികൾ

356. ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതുമൂലം തടസ്സപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാനും ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുവാനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) ലാന്റ് ക്വിസിഷൻ നടപടികൾ താമസിച്ചതുമൂലം റദ്ദാക്കപ്പെട്ട പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) റിപ്പോർട്ട് ചെയ്തിട്ടില്ല.

## റവന്യൂ പിരിവിനുള്ള ജനകീയ കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിന് നടപടി

357. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ജനകീയ കമ്മിറ്റികളിലെ അംഗങ്ങൾ ആരെല്ലാമെന്നും ആയതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും അറിയിക്കാമോ;

(സി) ജനകീയ കമ്മിറ്റികളടെ പ്രവർത്തനം മൂലം റവന്യു പിരിവിൽ എത്ര മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) റവന്യ പിരിവിനുള്ള ജനകീയ കമ്മിറ്റികൾ ഇല്ലാത്ത ജില്ലകളിൽ പ്രസ്തുത കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) ഒരു ജില്ലയിലും ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

(ബി)യും (സി)യും (ഡി)യും
ചോദ്യം ഉദിക്കുന്നില്ല.

## ഗവൺമെന്റ് സ്കൂളുകൾ പൂട്ടിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

358. ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ കുറഞ്ഞതുകൊണ്ട് ഗവൺമെന്റ് സ്കൂൾ പൂട്ടിയ സ്ഥലങ്ങളിൽ തന്നെ എയിഡഡ് സ്കൂളുകളോ, അൺ എയിഡഡ് സ്കൂളോ തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ടോ;

(ബി) അത്തരം സ്കൂളുകളിൽ വിദ്യാർത്ഥികൾ ഡെപ്പോസിറ്റ് മണിയും വർദ്ധിപ്പിച്ച ഫീസും നൽകി പഠിക്കാൻ പോകുമ്പോൾ തീരെ ചെലവ് കുറഞ്ഞ ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കാൻ വിദ്യാർത്ഥികളെ കിട്ടാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഗവൺമെന്റ് സക്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്ക്കൂളുകളിലേയും അദ്ധ്യാപർക്ക് പരിശീലനം നൽകി വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ അധ്യയന വർഷം ഗുണനിലവാരം വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയൽ സംസ്ഥാന തലത്തിൽ ഏറ്റവും കുറഞ്ഞ വിജയശതമാനം രേഖപ്പെടുത്തിയ വിഷയങ്ങളിൽ താണ ക്ളാസിൽ വച്ച് തന്നെ ശാസ്ത്രീയപഠനം ഉറപ്പാക്കാൻ നടപടിയെടത്തിട്ടുണ്ട്. അതിന്റെ ഭാഗമായി 3-ാം ക്ളാസ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് വിദ്യാർത്ഥികളെ പരിശീലിപ്പിക്കും.

## <u>സമവായം 2001, സമാഗമം 2001 പരിപാടികൾ</u>

359. ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോർജ് ജെ. മാത്യു :
പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സംഘടിപ്പിച്ച സമവായം 2001, സമാഗമം 2001 എന്നീ പരിപാടികൾ പ്രവാസി മലയാളികളുടേയും സംസ്ഥാനത്തിന്റെയും എന്തെല്ലാം കർമ്മപരിപാടികൾക്കാണ് മുൻഗണന നൽകിയത്;

(ബി) ഇവയിൽ എന്തെല്ലാം നടപ്പാക്കി;

(സി) മറ്റുള്ളവ പ്രായോഗികതലത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി):-**

(എ)യും (ബി)യും സമവായം 2001-ൽ പ്രവാസിമലയാളികളുടെ ക്ഷേമത്തിനും പ്രവാസി നിക്ഷേപ സംരംഭങ്ങൾക്കും വേണ്ടി ഒരു 49 ഇന കർമ്മ പദ്ധതിക്ക് രൂപം നൽകി. 'സമാഗമം 2001'-ൽ വിദേശത്തു നിന്നും മടങ്ങിയെത്തിയ മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ഒരു 17 ഇന കർമ്മ പദ്ധതിയും തയ്യാറാക്കി. കർമ്മ പദ്ധതികുടെ പകർപ്പ് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത കർമ്മ പദ്ധതികളിൽ പ്രധാനപ്പെട്ട പല കാര്യങ്ങളിൻമേലും തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇതിനായി വിശദമായ നിർദ്ദേശങ്ങളടങ്ങിയ നിവേദനങ്ങൾ മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായവ കേരളത്തിൽ നിന്നും ഗൾഫ് മേഖലകളിലേയ്ക്കുള്ള വിമാനകൂലി കുറയ്ക്കുക. വോട്ടേഴ്സ് ലിസ്റ്റിൽ പ്രവാസികളുടെ പേര് ഉൾപ്പെടുത്തുക. പ്രവാസി ക്ഷേമനിധി രൂപീകരിക്കുക, ഗൾഫ് രാജ്യങ്ങളുടെ കൗൺസിലേറ്റുകൾ കേരളത്തിൽ ആരംഭിക്കുക, കോഴിക്കോട് ആസ്ഥാനമായി ഒരു എമിഗ്രേഷൻ ഓഫീസ് തുടങ്ങുക എന്നിവയാണ്. ഇതിൽ പലകാര്യങ്ങളും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

കേരള സർക്കാർ നടപ്പിലാക്കേണ്ട കർമ്മ പരിപാടികൾ പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനുവേണ്ടിയും നടപടി സ്വീകരിച്ചുവരുന്നു. പ്രവാസികളുടെ ഡേറ്റാബാങ്ക് രൂപീകരിക്കുക, പെൻഷൻ പദ്ധതി നടപ്പിലാക്കുക, ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക, വെൽഫയർ കോർപ്പറേഷൻ ആരംഭിക്കുക. എന്നിവ ഇവയിൽ പ്രധാനപെട്ടവയാണ്.

## അൺഎയിഡഡ് പ്ലസ്ടു ബാച്ചുകൾ തുടങ്ങുന്നതിന് നടപടി

360. ശ്രീ. മത്തായി ചാക്കോ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) എയിഡഡ് സ്കൂളുകളിൽ അൺഎയിഡഡ് പ്ലസ് ടു അംഗീകരിക്കില്ലെന്ന സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തെ മറികടക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അൺഎയിഡഡ് പ്ലസ് ടു ബാച്ചുകൾ എയിഡഡ് സ്കൂളുകളിൽ ആരംഭിക്കുന്നത് താൽക്കാലികമായിട്ടാണോ; ആണെങ്കിൽ ഈ ബാച്ചുകളെ എയിഡഡ് ബാച്ചുകൾ ആക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

**ഉത്തരം**
**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) ഉണ്ട്.

(ബി) എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ചതിനു ശേഷമാണ് അൺ എയ്ഡഡ് പ്ലസ് ടു തുടങ്ങുന്നതിനു നടപടി സ്വീകരിച്ചു വരുന്നത്.

(സി) അൺ എയ്ഡഡ് പ്ലസ് ടു ബാച്ചുകൾ ആരംഭിക്കുന്നത് സ്ഥിരം സംവിധാനം എന്ന നിലയിലാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

## സംസ്ഥാനത്ത് പുറത്തുള്ള റവന്യൂ ഭൂമി

361. ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന് പുറത്ത് കേരള സർക്കാരിന്റേതായി റവന്യൂഭൂമിയുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ എത്ര വീതമെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽപ്പെട്ട ഭൂമി പാട്ടത്തിനോ, കരാർ വ്യവസ്ഥയിലോ മറ്റാർക്കെങ്കിലും നൽകിയിട്ടുണ്ടോ;

(ഡി) ഇതിൽപ്പെട്ട ഏതെങ്കിലും ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) സംസ്ഥാനത്തിന് പുറത്തുള്ള റവന്യൂ ഭൂമി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ?

**ഉത്തരം**
**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പ് മന്ത്രി):-**

(എ) ഉണ്ട്.

(ബി) ന്യൂഡൽഹിയിലുള്ള സ്ഥലങ്ങൾ

| | |
|---|---|
| (1) കേരളഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം | 2.49 ഏക്കർ |
| (2) ട്രാവൻകൂർ സ്ഥിതിചെയ്യുന്ന സ്ഥലം | 7.86 ഏക്കർ |
| (3) കപൗർത്തല പ്ലോട്ട് | 3.89 ഏക്കർ |

തമിഴ്നാട്ടിലുള്ള സ്ഥലങ്ങൾ

| | |
|---|---|
| (1) കന്യാകുമാരി ജില്ലയിൽ കേരള ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം | 2.65 ഏക്കർ |
| (2) ചെന്നയിൽ നുങ്കംപാക്കം വില്ലേജ് | – 0.55 ഏക്കർ |
| (3) തിരുനെൽവേലി ജില്ലയിൽ തെങ്കാശി താലൂക്കിൽ കുറ്റാലം വില്ലേജിൽ (21–66.80 ഹെക്ടർ) | 53.30 ഏക്കർ |

(4) കന്യാകുമാരി ജില്ലയിൽ പത്മനാഭപുരത്ത് 6.00 ഏക്കർ

(5) ചെങ്കോട്ടയിലുള്ള വനം വകുപ്പിനുള്ള തടി ഡിപ്പോ 5.823 ഹെക്ടർ

(6) പൊള്ളാച്ചിയിലുള്ള തടിഡിപ്പോ 3.20 ഹെക്ടർ

കർണ്ണാടകത്തിലുള്ള സ്ഥലങ്ങൾ

(1) നഞ്ചൻകോട് തടിഡിപ്പോ 2.40 ഹെക്ടർ

(2) വാരണാസിയിലെ സത്രവും ധർമ്മശാലയും 12 സെന്റ്

(സി)ചെന്നൈയിലെ നുങ്കംപാക്കിൽ ഉള്ള 55 സെന്റ് സ്ഥലം കേരളാ സ്റ്റേറ്റ് ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് 1998-ൽ ജി.ഒ.(എം.എസ്)നം.385/98/ജി.എ.ഡി ഉത്തരവ് പ്രകാരം ടി. സ്ഥലം 99 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ന്യൂഡൽഹിയിലെ ട്രാവൻകൂർ ഹൗസിലെ ആവശ്യമായ പുതുക്കിപ്പണിയലുകളും പരിഷ്ക്കാരങ്ങളും വരുത്തി കേരള സർക്കാരിന്റെ ഇൻഫർമേഷൻ, കൾച്ചർ, ടൂറിസം വികസനം എന്നിവയുടെ കേന്ദ്രമായി മാററുവാനും കപൂർത്തല പ്ലോട്ട് ഒരു സംയുക്ത റസിഡൻഷ്യൽ ഏരിയാ ആയി വികസിപ്പിച്ചെടുക്കുന്നതിനും വേണ്ട വിശദമായ പഠനം നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ജില്ലാ ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം ജനോപകാരപ്രദമക്കാൻ നടപടി

362. ശ്രീ. സി.ടി. മുഹമ്മദ് അലി:
ശ്രീ. ഇ.ടി. മഹമ്മദ് ബഷീർ:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. സി. മൊയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്ററിന് കീഴിലുള്ള ജില്ലാ ഇൻഫർമേഷൻ സെന്ററുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പരാതികൾ പരിഹരിക്കുന്നതിനും പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി):-**

(എ) അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം എല്ലാ ജില്ലകളിലും ഒരേ സമയം മത്സര ഫലങ്ങളും മറ്റും എത്തിക്കാൻ കഴിയാത്തുമൂലമുള്ള പ്രശ്നങ്ങളുണ്ടായിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കാനായി റിസൽട്ടുകൾ, പദ്ധതി വിവരങ്ങൾ, പത്രക്കുറിപ്പുകൾ തുടങ്ങിയവ ഓൺലൈനിൽ ലഭ്യമാക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. സർക്കാരിനെ സംബന്ധിക്കുന്ന ഏതു വിവരവും നൽകാൻ കഴിയുന്ന സോഫ്ട് വെയർ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് ആവശ്യമായ വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ശേഖരിച്ചു വരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ, അപേക്ഷാഫാറങ്ങൾ, പരിക്ഷാഫലങ്ങൾ, വാർത്തകൾ തുടങ്ങിയവയെല്ലാം ജില്ലാ ഇൻഫർമേഷൻ ആഫീസിൽ നിന്ന് അറിയാൻ കഴിയുന്ന തരത്തിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതോടൊപ്പം ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് പരാതി പരിഹാരസെല്ലുകൾ, ജില്ലാ-സംസ്ഥാനതലങ്ങളിൽ രൂപവൽക്കരിക്കാനുള്ള പദ്ധതിയും പരിഗണനയിലാണ്.

## റോഡുകളുടെ അറ്റകുററപ്പണികൾ നടത്തുന്നതിനായി കർമ്മസേന രൂപീകരിക്കാൻ നടപടി

363. ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായും കാര്യക്ഷമമായും നടത്തുന്നതിന് ഒരു കർമ്മസേന രൂപീകരിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു;

(ബി) എങ്കിൽ ഈ നർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പ് മന്ത്രി):-**

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമത്തിൽ ക്രമപ്പെടുത്തി ചെയ്യുന്നതിനായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കണമെന്ന് 2001 ഒക്ടോബർ 30ം തീയതി ഒരു പെറ്റീഷനിൽ പുറപ്പെടുവിച്ച ഉത്തരവിൽ ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

(ബി) ചീഫ് എൻജിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം) ചെയർമാനും സൂപ്രണ്ടിംഗ് എൻജിനീയർമാർ, ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ, സീനിയർ ഫൈനാൻസ് ആഫീസർ എന്നിവർ മെമ്പർമാരായും ഒരു സംസ്ഥാനതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എക്സ്ക്യൂട്ടീവ് എൻജിനീയർ (റോഡ്സ് ഡിവിഷൻ) ചെയർമാനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ മെമ്പർമാരും ആയുള്ള ഡിസ്ട്രിക്റ്റ് ലെവൽ ടാസ്ക് ഫോഴ്സുകളും രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനതല ടാസ്ക്ഫോഴ്സ് രണ്ടാഴ്ചയിൽ ഒരിക്കൽ യോഗം കൂടി റിപ്പയർ ജോലികളുടെ മുൻഗണനാ ലിസ്റ്റ് അംഗീകരിക്കണമെന്നും റിപ്പയർ ജോലികളുടെ പുരോഗതി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ ജില്ലാതല ടാസ്ക്ഫോഴ്സിനു നൽകണമെന്നും നിർദ്ദേശപ്പെട്ടിട്ടുണ്ട്. ജില്ലാതല ടാസ്ക് ഫോഴ്സുകൾ ആഴ്ചതോറും കൂടി റിപ്പയർ ജോലികളുടെ പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## മണൽവാരൽമൂലം അപകടത്തിലായ പാലങ്ങളുടെ പനർനിർമ്മാണത്തിനും സംരക്ഷണത്തിനും നടപടി

364. ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
ശ്രീ. സാജുപോൾ:
ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അനിയന്ത്രിതവും അനധികൃതവുമായ മണൽവാരൽമൂലവും നദികളുടെ നാശംമൂലവും സംസ്ഥാനത്ത് പാലങ്ങൾ അപകടത്തിലാവുന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) മണൽ വാരൽമൂലം എത്ര പാലങ്ങൾ സംസ്ഥാനത്ത് അപകടത്തിലാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അവ ഏവ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവയുടെ പുനർ നിർമ്മാണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പ് മന്ത്രി):-**

(എ) പാലങ്ങളുടെ അപകടത്തെപ്പറ്റി പഠനം നടത്തിയിട്ടില്ല.
(ബി) ബാധകമല്ല.
(സി) ഇല്ല.
(ഡി) ബാധകമല്ല.

## എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള തീരുമാനം

365. ശ്രീ. പിരപ്പൻകോട് മുരളി:
ഡോക്ടർ തോമസ് ഐസക്:
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ എഞ്ചിനീയറിംഗ് കോളേജുകൾക്കെന്നും ഇതിനുള്ള മാനദണ്ഡം എന്ത് എന്നും വിശദമാക്കാമോ;

(സി) അക്കാദമിക് സ്വയംഭരണമാണോ, ഭരണപരവും സാമ്പത്തികവുമായ സ്വയം ഭരണമാണോ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി). സ്വയംഭരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുകയോ വിദഗ്ധാഭിപ്രായം തേടുകയോ ചെയ്തിട്ടുണ്ടോ;

(ഇ) സ്വയംഭരണാവകാശം നൽകിയ മറ്റ് സംസ്ഥാനങ്ങളിലെ കോളേജുകളുടെ അനുഭവം ഇക്കാര്യത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) സ്വയംഭരണാവകാശം നൽകുമ്പോൾ പരീക്ഷ നടത്തിപ്പിൽ ക്രമക്കേട് സംഭവിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) ഇല്ല. എന്നാൽ ലോകബാങ്ക് സഹായത്തോടെ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന സാങ്കേതിക വിദ്യാഭ്യാസ വികസന പരിപാടികൾ തെരഞ്ഞെടുക്കപ്പെടുന്ന കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഡിഗ്രി കോഴ്സുകൾ പൂർണ്ണതയിലെത്തിയ എല്ലാ കോളേജുകളേയും പരിഗണിക്കുന്നതാണ്.

(സി) തെരെഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് എല്ലാ തരത്തിലുള്ള സ്വയം ഭരണം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) അക്കാദമിക് ഓട്ടോണമിയെ സംബന്ധിച്ച് അന്തിമ മാനദണ്ഡം കൈക്കൊള്ളുമ്പോൾ ഇക്കാര്യം വ്യക്തമാക്കുന്നതാണ്.

## മലയാള സിനിമാരംഗത്തെ സാമ്പത്തിക പ്രതിസന്ധി

366. ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരയണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മലയാള സിനിമ സാമ്പത്തിക പ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) സിനിമയെ വ്യവസായമായിക്കണ്ട് ധനസഹായം, നികുതിയിളവ്, വായ്പ എന്നിവ നൽകി മലയാള സിനിമാ രംഗം പുനരുദ്ധിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി):-**

(എ) യും (ബി)യും

മലയാള സിനിമ ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും ചലച്ചിത്ര അക്കാദമിയും, ഈ രംഗത്ത് അംഗീകൃത സംഘടനാ

പ്രതിനിധികളുമായി ചർച്ച നടത്തുകയും ചർച്ചയിൽ ഉരുച്ചിരിഞ്ഞ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ ഇതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് എന്തൊക്കെ പരിഹാര നടപടികളാണ് നടപ്പാക്കാൻ പറ്റുകയെന്നെ തീരുമാനമെടുക്കുന്നതാണ്.

(സി) ചിത്രഞ്ജലി നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഇതിൽ ദേശീയ സംസ്ഥാന അന്തർദേശീയ അവാർഡുകൾ ലഭിക്കുന്ന ചിത്രങ്ങൾക്ക് 2 ലക്ഷം രൂപ അധിക സബ്സിഡിയും നൽകുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാതാക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ചു വരുന്നു. ഇതു കൂടാതെ നിർമ്മാതാക്കൾക്ക് സഹായകമായ താഴെ പറയുന്ന പല പദ്ധതികളും ചലച്ചിത്ര വികസന കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

(എ) ഗവൺമെന്റ് അധീനതയിലുള്ള സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഷൂട്ടിംഗിനുള്ള അനുവാദത്തിനും, സർക്കാർ തലത്തിൽ കൈകാര്യം ചെയ്യേണ്ട മറ്റ് വിഷയങ്ങൾക്കും ഒരു ഏകജാലക സംവിധാനം കൊണ്ടുവരിക.

(ബി) മലയാള ചിത്രങ്ങൾ വിറ്റഴിക്കുന്നതിനായി പുതിയ മേഖലകൾ കണ്ടെത്തുക, ഇതിന്റെ ഭാഗമായി മലയാള ചലച്ചിത്രങ്ങളുടെ വിദേശ വിപണനത്തിനായി ഒരു മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുക.

(സി) കോർപ്പറേഷന്റെ അധീനതയിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മാതാക്കൾക്ക് പരമാവധി ക്രെഡിറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ക്രെഡിറ്റ് കാർഡ് സംപ്രദായം കൂടുതൽ ഉദാരമാക്കുക എന്നിവയാണ്.

നികുതിയിളവ് നൽകുന്ന കാര്യം വിശദമായി പഠിച്ചശേഷമേ തീരുമാനിക്കുവാൻ കഴിയുകയുള്ളു.

## <u>കാസർഗോഡ്-തിരുവനന്തപുരം എക്സ്പ്രസ് ഹൈവേ</u>

367. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീ. ഡി. സുഗതൻ:
ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ്-തിരുവനന്തപുരം എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നുണ്ടോ;
(ബി) ഇതിന്റെ അലൈൻമെന്റ് തീരുമാനിച്ചുവോ;
(സി) എങ്കിൽ ഈ റോഡ് കടന്നുപോകുന്ന പ്രധാന സ്ഥലങ്ങളേവ;
(ഡി) ഇതിന്റെ സർവ്വേയും സ്ഥലമെടുപ്പും ഏതു ഘട്ടത്തിലാണ്;
(ഇ) ഇതിലേക്കായി എന്തു തുക ചെലവു വരും;
(എഫ്) ഈ തുക എപ്രകാരം കണ്ടെത്തും; വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പ് മന്ത്രി):-**

(എ)(ബി) & (സി)

സംസ്ഥാനത്തിലൂടെ തെക്കുവടക്ക് പോകുന്ന എക്സ്പ്രസ്സ് ഹൈവേയുടെ സാദ്ധ്യാത പഠനം നടന്നുവരുകയാണ്. നിർദ്ദിഷ്ട ഹൈവേയുടെ അലൈൻമെന്റ്. അത് കടന്നുപോകുന്ന സ്ഥലങ്ങൾ എന്നിവ തീരുമാനിക്കപ്പെട്ടിട്ടില്ല.

(ഡി)+(ഇ)+(എഫ്)

സാദ്ധ്യതാ പഠനം പൂർത്തിയായ ശേഷം മാത്രമേ തീരുമാനിക്കാനാകൂ.

## <u>ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

368. ശ്രീ. എ.കെ. ബാലൻ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. വി.കെ.സി. മമ്മത്കോയ:
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വാശ്രയ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഭൂരിപക്ഷ സ്ഥാപനങ്ങൾക്കും അനുവദിക്കുന്നപോൾ വിദ്യാർത്ഥി പ്രവേശന കാര്യത്തിൽ

ഉണ്ണികൃഷ്ണൻ കേസിലെ കോടതി വിധിക്കനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഭൂരിപക്ഷ സ്ഥാപനങ്ങൾക്കുകൂടി അനുവദിക്കുമ്പോൾ മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം കിട്ടേണ്ട പാവപ്പെട്ട വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരികരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) സ്വാശ്രയ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യം പരിഗണിക്കുമ്പോൾ ഇത് സംബന്ധിച്ചുള്ള ഉണ്ണികൃഷ്ണൻ കേസിലെ കോടതി വിധിപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതാണ്.

(ബി) &(സി) എ-യിലെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## <u>താലൂക്കുകളും വില്ലേജുകളും ശാസ്ത്രീയമായി പുനർവിഭജിക്കാൻ നടപടി</u>

369. ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളും വില്ലേജുകളും ഭൂമിശാസ്ത്രപരമായി വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് ശാസ്ത്രീയമായി പുനർവിഭജിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ)യും (ബി)യും : സംസ്ഥാനത്തെ താലൂക്കുകളുടെ പുന:സംഘടനയെക്കുറിച്ച് മുൻ റവന്യൂ ബോർഡ് അംഗങ്ങളായ ഡോ. ബാബു പോളും ശ്രീ. എം.ജി.കെ. മൂർത്തിയും റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇതിനുവേണ്ടിവരുന്ന വൻപിച്ച സാമ്പത്തികബാദ്ധ്യതയും സർക്കാരിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## <u>വികസനത്തിൽ പ്രവാസി പങ്കാളിത്തം ഉണ്ടാക്കുന്നതിന് നടപടി</u>

370. ശ്രീ. പി.സി. ജോർജ്:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ:
ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസനത്തിൽ പ്രവാസി പങ്കാളിത്തം ഉണ്ടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് നടത്താനുദ്ദേശിക്കുന്ന ആഗോളനിക്ഷേപ മേളയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ മേള സംഘടിപ്പിക്കുന്നതിന് പ്രവാസി മലയാളി വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണ്;

(ഡി) മേളയുടെ സംഘാടനത്തിനായി പ്രസ്തുത വകുപ്പിൽ നിന്ന് ആരെയൊക്കെയാണ് വിദേശസന്ദർശനത്തിന് അയക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി) (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിക്കുവേണ്ടി):-**

(എ) 2001 ആഗസ്റ്റ് മാസം "സമവായം 2001 എന്ന ആഗോള വിദേശമലയാളികളുടെ ഒരു സമ്മേളനം കൊച്ചിയിലും, 2001 ഡിസംബർ മാസം വിദേശത്തുനിന്നും മടങ്ങിയെത്തിയ മലയാളികൾക്കായി 'സമാഗമം-2001' എന്ന സമ്മേളനം തിരുവനന്തപുരത്തും നടത്തി. കൂടാതെ 2002 നവംബർ മാസത്തിൽ കേരള സർക്കാർ ഒരു ആഗോള നിക്ഷേപസംഗമം (ജിം) തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നുണ്ട്.

വിദേശ നിക്ഷേപകർ ഉൾപ്പെടെ കേരളത്തിൽവരുന്ന എല്ലാ പ്രവാസി മലയാളികളുടേയും പൊതുവായ പ്രശ്നങ്ങൾ ഏകോപിതമായി പരിഹരിക്കുന്നതിന് ഒരു നോഡൽ ഏജൻസിയായി നോർക്കാ വകുപ്പിനെ പ്രഖ്യാപിച്ച് ഉത്തരവായിട്ടുമുണ്ട്. വിദേശ മലയാളികളുടെ ലോകവ്യാപകമായ ശൃംഖല സ്ഥാപിക്കുന്നതിനും വിവിധ മേഖലകളിൽ അവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിനും പ്രവാസി കേരളീയരെ സംബന്ധിച്ച കാര്യങ്ങളിൽ അവശ്യം വേണ്ടുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും ലക്ഷ്യമിട്ടു പ്രവർത്തിച്ചുവരുന്ന പ്രവാസി കേരളീയ ക്ഷേമ ഏജൻസിയുടെ സ്ഥാനത്ത് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യമുള്ള ഒരു കമ്പനി രൂപീകരിക്കുന്നതിനും സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) കേരളത്തെ ആഗോളനിക്ഷേപകരുടെ വിപണിയാക്കി തീർക്കുക എന്നതും കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമല്ല എന്ന തെറ്റിദ്ധാരണ മാറ്റിയെടുക്കുക എന്നതുമാണ് സംസ്ഥാനത്തു നടത്താനുദ്ദേശിക്കുന്ന ആഗോളനിക്ഷേപ മേളയുടെ പ്രാഥമിക ലക്ഷ്യം. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 50,000 കോടി രൂപയുടെ വ്യവസായ നിക്ഷേപം സമാഹരിക്കുന്നതിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള വൻനിക്ഷേപകരെക്കൊണ്ട് വിപുലമായ തോതിൽ നിക്ഷേപം നടത്തിക്കുകയും അതുവഴി കേരളത്തിന്റെ സമഗ്രവ്യവസായ സാമ്പത്തിക സാമൂഹിക പുരോഗതി കൈവരിക്കുകയുമാണ് ഈ മേളയുടെ അന്തിമ ലക്ഷ്യം.

(സി) ഗ്ലോബൽ ഇൻവസ്റ്റർമീറ്റിന്റെ ലക്ഷ്യപ്രാപ്തിക്കായി വിദേശത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ഇക്കാര്യത്തിൽ പ്രവാസി കേരളീയകാര്യ വകുപ്പിന്റെ മുഖ്യ ചുമതലകൾ.

(ഡി) യും (ഇ)യും: വകുപ്പുമന്ത്രി ശ്രീ. എം.എം.ഹസ്സൻ, സെക്രട്ടറി ശ്രീ. ജിജി തോംസൺ എന്നിവരാണ് മേളയുടെ സംഘാടനവുമായി ബന്ധപ്പെട്ട് വിദേശയാത്രയ്ക്ക് ഈ വകുപ്പിൽ നിന്ന് അമേരിക്കൻ ഐക്യനാടുകളിലേക്ക് പോയിട്ടുള്ളത്.

## റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിന് മെയിന്റനൻസ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ നടപടി

371. ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്;

(ബി) റോഡുകൾ നിർമ്മിക്കുമ്പോൾ പബ്ളിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി)റോഡുകളുടെ മേൽനോട്ടത്തിന് മെയിന്റനൻസ് ഗ്രൂപ്പുകൾ രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ) ലോകബാങ്കിന്റെ സഹായത്തോടെ റോഡുകളുടെ അപ്ഗ്രഡേഷനും മെയിന്റനൻസും 1600 കി.മീ.റോഡിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ കൂടുതൽ റോഡുകളുടെയും പാലങ്ങളുടേയും പണികൾ ഏറ്റെടുത്തു നടത്തുന്നതിനും പരിപാടിയുണ്ട്.

(ബി) റോഡ് നിർമ്മാണത്തിന് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ സാധ്യമാക്കുന്നതിന് ഒരു റോഡു് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഒരു സ്റ്റാന്റേർഡ് കൺസഷൻ എഗ്രിമെന്റിന് രൂപം കൊടുത്തുവരികയാണ്.

(സി)&(ഡി) പെർഫോർമൻസ്, മെയിന്റനൻസ് നടപ്പിലാക്കുന്നതിലേക്കായി അതിനാവശ്യമായ കോൺട്രാക്ട് രേഖകൾക്ക് രൂപം കൊടുത്തുവരുകയാണ്.

## സുഗമമായ ഗതാഗതത്തിന് പറ്റിയവിധം റോഡുകൾ സൂക്ഷിക്കാൻ നടപടി

372. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ. പി.എസ്. സുപാൽ:
ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ എപ്പോഴും സുഗമമായ ഗതാഗതത്തിന് പറ്റിയവിധം സൂക്ഷിക്കുന്നതിന് സാധിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിൽ സൂക്ഷിക്കുന്നതിനും അങ്ങനെ സൂക്ഷിക്കാത്തതുമൂലമുണ്ടാകുന്ന നഷ്ടവും അപകടങ്ങളും ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.കെ.മുനീർ (പൊതുമരാമത്തു വകുപ്പുമന്ത്രി):-**

(എ)&(ബി) സംസ്ഥാനത്തെ റോഡുകളിൽ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ചെയ്ത് സുഗമമായ ഗതാഗതം സാദ്ധ്യമാക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. റോഡുകൾ കൂടുതലൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക മുതൽമുടക്കിനുള്ള സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. 1600 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകൾ വളരെ മുന്തിയ രീതിയിൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായത്തിനുള്ള അംഗീകാരം ലോകബാങ്കിൽനിന്ന് സമീപകാലത്ത് ലഭിച്ചിട്ടുണ്ട്.

## ഹൈവേ വികസനത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ

373. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ടി.കെ. ബാലൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈവേ വികസനത്തിനായി ഏതെല്ലാം ധനകാര്യസ്ഥാപനങ്ങൾക്കാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇതിൽ ഏതെല്ലാം ഏജൻസികളിൽ നിന്ന് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്;

(സി) ഓരോ ഏജൻസിയിൽ നിന്നും ഈ വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുക എത്ര; ഇതിനോടകം ലഭിച്ച തുക എത്ര;

(ഡി) നാഷണൽ ഹൈവേകളുടെ വികസനത്തിനായി കേന്ദ്രഗവൺമെന്റിൽ നിന്ന് കഴിഞ്ഞവർഷം എന്തു തുക ലഭിച്ചു; സംസ്ഥാന ഗവൺമെന്റ് എന്തു തുക ചെലവഴിച്ചു;

(എ) കേന്ദ്രത്തിൽനിന്ന് അർഹമായ തുക സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തുവകുപ്പുമന്ത്രി):-**

(എ) (ബി) &(സി): സംസ്ഥാനത്തെ ഹൈവേ വികസനത്തിനായി ലോകബാങ്കിന് സമർപ്പിച്ച ഒരു പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 1600 കോടി രൂപ മുതൽ മുടക്കു വരുന്ന ഈ പദ്ധതിക്കുവേണ്ടി ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) &(ഇ): നാഷണൽ ഹൈവേകളുടെ വികസനത്തിനായി 2001 2002 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അർഹമായതും കേന്ദ്രസർക്കാർ അനുവദിച്ചതുമായ 126.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ

374. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ;

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ശമ്പളം പറ്റുന്ന കോളേജ് അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നത് കുറ്റകരമാണെന്ന വ്യവസ്ഥ ഏകീകൃത സർവ്വകലാശാലാ നിയമത്തിൽ ഉൾപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കോളേജ് അദ്ധ്യാപകരുടെ പെരുമാറ്റച്ചട്ടം നിഷ്ക്കർഷിക്കുന്ന നിയമം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസവകുപ്പുമന്ത്രി):-**

(എ)&(ബി) ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവരുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വിവിധ തലങ്ങളിൽ ചർച്ചചെയ്തു വരികയാണ്. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

(സി) &(ഡി): യൂണിവേഴ്സിറ്റി, കോളേജദ്ധ്യാപകർക്ക് യു.ജി.സി. പദ്ധതിപ്രകാരം ശമ്പളം പരിഷ്ക്കരിച്ചുകൊണ്ട് 21.12.99-ൽ ജി.ഒ.(പി) 171/99 നമ്പർ ഉത്തരവു പുറപ്പെടുവിച്ചപ്പോൾ യൂണിവേഴ്സിറ്റി, കോളേജ് അദ്ധ്യാപകർക്ക് പെരുമാറ്റച്ചട്ടം ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള റോഡുവികസന പദ്ധതികൾ

375. ശ്രീ. ടി.കെ.ബാലൻ:
ശ്രീ. പി. ജയരാജൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ റോഡുവികസനത്തിനായി എത്ര പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്; എത്രയെണ്ണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്;

(ബി) ദേശീയപാതയിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടി എത്ര രൂപയാണ് കേന്ദ്രത്തിൽനിന്നും കുടിശ്ശികയായി കിട്ടാനുള്ളത്;

(സി) അറ്റകുറ്റപ്പണികൾക്കാവശ്യമായ ഫണ്ട് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) കേന്ദ്രത്തിൽനിന്ന് ലഭിക്കുവാനുള്ള കുടിശ്ശിക ലഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തുവകുപ്പുമന്ത്രി):-**

(എ)2001-2002-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച 50 പദ്ധതികളിൽ 23 എണ്ണത്തിന് അനുമതി ലഭിച്ചു.

(ബി) (സി) (ഡി): ദേശീയപാതയിൽ അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുക മുഴുവൻ കേന്ദ്രത്തിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് തന്നിട്ടുണ്ട്. ഇതിൽ കുടിശ്ശിക ഒന്നും ഇല്ല.

## റോഡുകളും പാലങ്ങളും പുന:സ്ഥാപിക്കുന്നതിന് ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി

376. ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം പൊട്ടിപ്പൊളിഞ്ഞ റോഡുകളും പാലങ്ങളും പുന:സ്ഥാപിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരം റോഡുകളും ഓടകളും പാലങ്ങളും അടിയന്തിരമായി പുന:സ്ഥാപിക്കുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ചവരുടെ നേതൃത്വത്തിൽ ഒരു 'ടാസ്ക് ഫോഴ്സ്'' യൂണിറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ)&(ബി) പ്രകൃതിക്ഷോഭം മൂലം താറുമാറാകുന്ന റോഡുകളും കലുങ്കുകളും മറ്റും പുന:സ്ഥാപിക്കുന്നതിനായി Flood Damage Repairs എന്ന ഇനത്തിൽ പ്രത്യേകമായ ബഡ്ജറ്റ് വിഹിതം പൊതുമരാമത്തിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം പുന:സ്ഥാപിക്കേണ്ടതായ കലുങ്കുകൾ സർക്കാരിന്റെ മുൻഅനുവാദമില്ലാതെ തന്നെ ഉടനടി പുനസ്ഥാപിക്കുന്നതിന് ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) ഏറ്റവും അത്യാവശ്യമായ റിപ്പയർ ജോലികൾ മുൻഗണനാക്രമം നിശ്ചയിച്ച് വേഗത്തിൽ നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ ചീഫ് എൻജിനീയർ അദ്ധ്യക്ഷനായ ഒരു ടാസ്ക് ഫോഴ്സും ജില്ലാതലത്തിൽ പ്രത്യേകം ടാസ്ക് ഫോഴ്സുകളും രൂപീകരിച്ചിട്ടുണ്ട്.

*****